# പതിമൂന്നാം കേരള നിയമസഭ
12-ാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u> <u>നിയമസഭാചോദ്യം നം. 329</u> <u>15.12.2014-ന് മറുപടിയ്ക്ക്</u>

## <u>ഇക്കോ കേഡറ്റ് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) മാതൃകയിൽ വനംവകുപ്പിന്റെ കീഴിൽ ഇക്കോ കേഡറ്റ് പദ്ധതി കൂടുതൽ ജില്ലകളിലേക്കും വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നോഡൽ ഓഫീസർമാരെയും മറ്റു തസ്തികകളിൽ ജീവനക്കാരെയും നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇക്കോ കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി 01.10.2014-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 455/2014/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് സ്കൂളുകളുടെ സെലക്ഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ സാധിച്ചിട്ടില്ല. ബയോഡൈവേഴ്സിറ്റി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ ടി പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസറായും, സാമൂഹ്യവനവൽക്കരണ വിഭാഗം റീജിയണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ റീജിയണൽ നോഡൽ ഓഫീസർമാരായും, എല്ലാ ജില്ലയിലെയും സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ ജില്ലാ നോഡൽ ഓഫീസർമാരായും സാമൂഹ്യ വനവൽക്കരണ വിഭാഗം റെയിഞ്ച് ഓഫീസർമാരെ അസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്. |

ഇക്കോ കേഡറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഇക്കോ കേഡറ്റുകൾക്ക് താഴെ പറയുന്ന വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ്.

1) നേതൃത്വ പരിശീലനം
2) ആശയ വിനിമയ പാടവം മെച്ചപ്പെടുത്തൽ
3) ക്രിയാത്മകമായ സമീപനവും ചിന്താശേഷിയും വർദ്ധിപ്പിക്കാനുള്ള പരിശീലനം.
4) വ്യക്തിത്വ വികസന പരിശീലനം
5) പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം.
6) ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം
7) പരിസ്ഥിതി ശാസ്ത്രം സംബന്ധിച്ച പഠനം
8) പരിസ്ഥിതി സംബന്ധമായ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം.
9) കായിക പരിശീലനം, യോഗ, ധ്യാനം തുടങ്ങിയവയുടെ പരിശീലനം
10) ജൈവവൈവിദ്ധ്യ സംരക്ഷണം, കടലാമ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം വിവിധ വനസസ്യങ്ങളെ തിരിച്ചറിയാനുള്ള പരിശീലനം ഇവ കൂടാതെ നേതൃത്വ പരിശീലന ക്യാമ്പുകൾ, ശില്പശാല, സെമിനാറുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ